REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 11-11-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **ഡൽഹി സ്ഫോടനത്തിൽ ഉത്തരവാദികളായവരെ കണ്ടെത്തി ശിക്ഷിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.**
- **ആഭ്യന്തര മന്ത്രി അമിത് ഷായുടെ നേതൃത്വത്തിൽ ഡൽഹിയിൽ ഉന്നതതല സുരക്ഷാ അവലോകന യോഗം ചേർന്നു.**
- **ഇന്ത്യയിലെ എല്ലാ പ്രധാന നഗരങ്ങളിലും സുരക്ഷ ശക്തമാക്കി.**
- **ബിഹാറിൽ രണ്ടാം ഘട്ട നിയമസഭാ തിരഞ്ഞെടുപ്പിൽ പോളിംഗ് പുരോഗമിക്കുന്നു. ആദ്യ മണിക്കൂറുകളിൽ സാമാന്യം മെച്ചപ്പെട്ട പോളിംഗ്.**
- **രഞ്ജി ട്രോഫി ക്രിക്കറ്റിലെ രണ്ടാം ഇന്നിംഗ്സിൽ സൗരാഷ്ട്ര എട്ട് വിക്കറ്റിന് 402 റൺസിന് ഡിക്ലയർ ചെയ്തു.**

## വാർത്തകൾ വിശദമായി

ഡൽഹി സ്ഫോടനത്തിന് ഉത്തരവാദികളായവരെ കണ്ടെത്തി ശിക്ഷിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ഗൂഢാലോചനയുടെ താഴെത്തട്ടുവരെ അന്വേഷണം നടത്തുമെന്നും പ്രധാനമന്ത്രി ഭൂട്ടാനിൽ അറിയിച്ചു. ഭൂട്ടാനിലെ നാലാമത്തെ രാജാവായ ജിഗ്മേ സിംഗ്യെ വാങ്ചുകിന്റെ 70-ാം ജന്മദിനാഘോഷത്തിൽ വിശിഷ്ടാതിഥിയായി പങ്കെടുക്കാൻ എത്തിയതായിരുന്നു പ്രധാനമന്ത്രി. സുരക്ഷാ കാര്യങ്ങൾക്കായി മന്ത്രിസഭായോഗം നാളെ ചേരുമെന്നും നരേന്ദ്രമോദി വ്യക്തമാക്കി.

✪✪✪

ഡൽഹി സ്ഫോടനത്തിന്റെ പശ്ചാത്തലത്തിൽ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ നേതൃത്വത്തിൽ ഉന്നതതല സുരക്ഷാ അവലോകന യോഗം ചേർന്നു. കർത്തവ്യഭവനിൽ ചേർന്ന യോഗത്തിൽ, കേന്ദ്ര ആഭ്യന്തര സെക്രട്ടറി ഗോവിന്ദ് മോഹൻ, IB ഡയറക്ടർ തപൻ കുമാർ ദേക, ദേശീയ അന്വേഷണ ഏജൻസി ഡയറക്ടർ ജനറൽ സദാനന്ദ് വസന്ത് ദത്തെ തുടങ്ങിയവർ പങ്കെടുത്തു. ചുവപ്പുകോട്ടയിലെ കാർ സ്ഫോടനവും, അതുമായി ബന്ധപ്പെട്ട സാഹചര്യങ്ങളും യോഗം വിലയിരുത്തി. അടുത്തയിടെ ഫരീദാബാദിൽ നിന്ന് സ്ഫോടക വസ്തുക്കളും ആയുധങ്ങളും പിടികൂടിയ സംഭവത്തിന് ഇന്നലത്തെ സ്ഫോടനവുമായി ബന്ധമുണ്ടോ എന്ന് അന്വേഷണം തുടരുകയാണ്.

✪✪✪

ഡൽഹി ചുവപ്പുകോട്ടയ്ക്ക് സമീപമുണ്ടായ കാർ ബോംബ് സ്ഫോടനത്തിന്റെ പശ്ചാത്തലത്തിൽ ഇന്ത്യയിലെ എല്ലാ പ്രധാന നഗരങ്ങളിലും സുരക്ഷ ശക്തമാക്കാൻ കേന്ദ്ര ആഭ്യന്തര മന്ത്രാലയം നിർദ്ദേശം നൽകി. ഇതിന്റെ ഭാഗമായി രാജ്യത്തെ പ്രമുഖ കേന്ദ്രങ്ങളിലെല്ലാം പൊലീസ് നിരീക്ഷണവും വാഹന പരിശോധനയും ശക്തമാക്കി. ഡൽഹി സ്ഫോടനത്തെ തുടർന്ന് കേരളത്തിലും വ്യാപകമായി സുരക്ഷാപരിശോധന ശക്തമാക്കി. കോഴിക്കോട് റെയിൽവേ സ്റ്റേഷനിൽ ബോംബ് സ്ക്വാഡും ഡോഗ് സ്ക്വാഡും പരിശോധന നടത്തി. പുതിയ ബസ് സ്റ്റാന്റ്, KSRTC , ബീച്ച് എന്നിവിടങ്ങളിലും പരിശോധന ഉണ്ടായിരുന്നു.

കൊച്ചി വിമാനത്താവളത്തിലും റെയിൽവെ, മെട്രോ സ്റ്റേഷനുകളിലും ബസ് സ്റ്റാന്റുകളിലും വാട്ടർമെട്രോ സ്റ്റേഷനുകളിലും സുരക്ഷ ശക്തമാക്കി. തിരുവനന്തപുരത്ത് സെൻട്രൽ റെയിൽവേ സ്റ്റേഷൻ, പേട്ട റെയിൽവേ സ്റ്റേഷൻ, തമ്പാനൂർ ബസ് ഡിപ്പോ , മറ്റു പ്രധാന കേന്ദ്രങ്ങൾ എന്നിവിടങ്ങളിലും പൊലീസും ബോംബ് സ്ക്വാഡും പരിശോധന നടത്തി.

കണ്ണൂരിലും വിമാനത്താവളം, റെയിൽവേ സ്റ്റേഷൻ ഉൾപ്പെടെ പ്രധാന കേന്ദ്രങ്ങളിൽ സുരക്ഷ വർധിപ്പിച്ചു. റെയിൽ വേ പോലീസ്, RPF, ബോംബ് - ഡോഗ് സ്ക്വാഡുകൾ എന്നിവയുടെ നേതൃത്വത്തിലായിരുന്നു പരിശോധന.

മലപ്പുറം കലക്ടറേറ്റിൽ ബോംബ്സ്ക്വാഡ്, ഡോഗ് സ്ക്വാഡ് എന്നിവയുടെ നേതൃത്വത്തിൽ വ്യാപക പരിശോധന നടത്തി. കളക്ടറേറ്റ് പരിസരത്തും സമീപത്തെ ഓഫീസുകളിലും വാഹനങ്ങൾ നിർത്തിയിട്ട പ്രദേശത്തും ഒരു മണിക്കൂറോളം നീണ്ട പരിശോധനയാണ് ഉണ്ടായത്. ഇതിനുപുറമേ ജില്ലയിലെ പ്രധാന റെയിൽവേ സ്റ്റേഷനുകളിലും പരിശോധന നടത്തി.

✪✪✪

തിരുവനന്തപുരം വിമാനത്താവളത്തിൽ സുരക്ഷാ പരിശോധന കർശനമാക്കി. നിർദിഷ്ട പരിശോധനകൾക്കായി യാത്രക്കാർ വിമാനങ്ങൾ പുറപ്പെടുന്നതിന് നിശ്ചിത സമയം മുമ്പ് തന്നെ എത്തിച്ചേരേണ്ടതാണെന്ന് വിമാനത്താവള അധികൃതർ അറിയിച്ചു.

✪✪✪

ഡൽഹി കാർ സ്ഫോടനത്തിന് ഉത്തരവാദികളായവരെ നിയമത്തിന് മുന്നിൽ കൊണ്ടുവരുമെന്നും ഒരു സാഹചര്യത്തിലും അവരെ വെറുതെ വിടില്ലെന്നും രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് രാജ്യത്തിന് ഉറപ്പ് നൽകി. സംഭവത്തെക്കുറിച്ച് പ്രമുഖ അന്വേഷണ ഏജൻസികൾ വേഗത്തിലും സമഗ്രമായും അന്വേഷണം നടത്തുന്നുണ്ടെന്ന് ന്യൂഡൽഹിയിൽ ഡൽഹി ഡിഫൻസ് ഡയലോഗിനെ അഭിസംബോധന ചെയ്യവെ രാജ്നാഥ് സിംഗ് വ്യക്തമാക്കി.

✪✪✪

സുരക്ഷാ കാരണങ്ങളാൽ ലാൽകില മെട്രോ സ്റ്റേഷൻ അടച്ചിടുമെന്ന് ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ അറിയിച്ചു. മറ്റെല്ലാ സ്റ്റേഷനുകൾ സാധാരണപോലെ പ്രവർത്തിക്കും.

ഡൽഹി ചുവപ്പുകോട്ടയിൽ ഇന്ന് മുതൽ മൂന്ന് ദിവസം സന്ദർശകർക്ക് പ്രവേശനം ഉണ്ടാവില്ല. സംഭവസ്ഥലത്തെ പൊലീസ് അന്വേഷണം മുൻനിർത്തിയാണ് നടപടി.

✪✪✪

ഡൽഹി സ്ഫോടനം ദൗർഭാഗ്യകരമെന്ന് കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി വിലയിരുത്തി. ഒരു മാസത്തിനിടെ എട്ട് അട്ടിമറി ശ്രമങ്ങളാണ് തകർത്തത്. അന്വേഷണത്തെ കുറിച്ച് വിവരങ്ങൾ പുറത്ത് പറയാൻ പാടില്ലെന്നാണ് നിർദ്ദേശമെന്നും കേന്ദ്രസഹമന്ത്രി തൃശ്ശൂരിൽ പറഞ്ഞു.

തദ്ദേശ തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളെ നിശ്ചയിച്ച ശേഷം മറ്റ് തീരുമാനങ്ങൾ എടുക്കുമെന്നും സുരേഷ് ഗോപി അറിയിച്ചു. തെരഞ്ഞെടുപ്പ് വിഷയങ്ങൾ ചർച്ച ചെയ്യാൻ തൃശൂരിൽ ഇന്ന് കോർകമ്മറ്റി യോഗം ചേരുമെന്നും സുരേഷ് ഗോപി പറഞ്ഞു.

✪✪✪

രണ്ടാം ഘട്ട നിയമസഭാ തിരഞ്ഞെടുപ്പിൽ പോളിംഗ് പുരോഗമിക്കുന്ന ബിഹാറിൽ ആദ്യ മണിക്കൂറുകളിൽ സാമാന്യം മെച്ചപ്പെട്ട പോളിംഗ്. കിഷൻഗഞ്ചിലാണ് ഏറ്റവും കൂടുതൽ പോളിംഗ് - 35 ശതമാനം. 20 ജില്ലകളിലെ

122 മണ്ഡലങ്ങളിലാണ് അവസാനഘട്ടത്തിലെ വോട്ടെടുപ്പ്. വൈകിട്ട് ആറു വരെയാണ് പോളിംഗ്. ഏഴ് മണ്ഡലങ്ങളിൽ സുരക്ഷാ കാരണങ്ങളാൽ വൈകിട്ട് അഞ്ചിന് വോട്ടെടുപ്പ് അവസാനിക്കും. ഏഴ് സംസ്ഥാനങ്ങളിലെ എട്ട് നിയമസഭാ മണ്ഡല ങ്ങളിലെ ഉപതിരഞ്ഞെടുപ്പുകളിലും വോട്ടിംഗ് പുരോഗമിക്കുകയാണ്.

✪✪✪

ഹങ്കേറിയൻ ബ്രിട്ടീഷ് എഴുത്തുകാരൻ ഡേവിഡ് സാലെ 2025 ലെ ബുക്കർ അവാർഡിന് അർഹനായി. ഫ്ലഷ് എന്ന നോവലിനാണ് പുരസ്കാരം.

✪✪✪

ഇന്ന് ദേശീയ വിദ്യാഭ്യാസ ദിനം. സ്വതന്ത്ര ഇന്ത്യയിലെ പ്രഥമ വിദ്യാഭ്യാസമന്ത്രിയായിരുന്ന മൗലാനാ അബുൽ കലാം ആസാദ് തുടങ്ങിവെച്ച വിദ്യാഭ്യാസ പരിഷ്ക്കാരങ്ങൾക്ക് ആദരസൂചകമായാണ് അദ്ദേഹത്തിന്റെ ജന്മദിവസമായ നവംബർ 11 എല്ലാ വർഷവും ദേശീയ വിദ്യാഭ്യാസ ദിനമായി ആചരിക്കുന്നത്.

✪✪✪

രാഷ്ട്രപതി ദ്രൗപതി മുർമു അംഗോളയിലെ ലുവാണ്ടയിൽ ഇന്ന് രാജ്യത്തിന്റെ 50-ാം സ്വാതന്ത്ര്യദിനാഘോഷങ്ങളിൽ പങ്കെടുക്കും. രണ്ട് ആഫ്രിക്കൻ രാജ്യങ്ങളിലെ സന്ദർശനത്തിന്റെ രണ്ടാം പാദത്തിൽ രാഷ്ട്രപതി രാത്രി വൈകി ബോട്സ്വാനയിലേക്ക് പോയി. വ്യാഴാഴ്ച വരെ രാഷ്ട്രപതി ബോട്സ്വാനയിലുണ്ടായിരിക്കും. പ്രസിഡണ്ട് ഡൂമ ബോക്കോയുമായി ഉഭയകക്ഷി വിഷയങ്ങളിൽ ദ്രൗപതി മുർമു ചർച്ച നടത്തും.

✪✪✪

വന്ദേഭാരത് എക്സ്പ്രസ് ഉദ്ഘാടന ചടങ്ങിൽ ഗണഗീതം ആലപിച്ച സംഭവത്തിൽ അടിയന്തര ഇടപെടൽ ആവശ്യപ്പെട്ട് കേന്ദ്രമന്ത്രി ധർമ്മേന്ദ്ര പ്രധാന് കത്ത് നൽകിയതായി മന്ത്രി V ശിവൻകുട്ടി അറിയിച്ചു. ന്യൂഡൽഹിയിൽ കേന്ദ്ര വിദ്യാഭ്യാസ മന്ത്രിയുമായി കൂടിക്കാഴ്ച നടത്തിയശേഷമാണ് മന്ത്രി ഇക്കാര്യം അറിയിച്ചത്.

അടുത്ത ജനുവരിയിൽ തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്ന കേരള എജ്യൂക്കേഷൻ കോൺക്ലേവിൽ മുഖ്യാതിഥിയായി ധർമ്മേന്ദ്ര പ്രധാനെ ക്ഷണിച്ചതായും അദ്ദേഹം പറഞ്ഞു.

✪✪✪

കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ നോർത്ത് മലബാർ ചേംബർ ഓഫ് കൊമേഴ്സ് ട്രാവൽ ബസാർ മേള സംഘടിപ്പിക്കുന്നു. അടുത്ത ശനി, ഞായർ ദിവസങ്ങളിലാണ് മേള.

കണ്ണൂരിൽ നിന്ന് KO ശശിധരൻ....

.........വോയ്സ്..........

നോർത്ത് മലബാർചേംബർ ഓഫ് കൊമേഴ്സിന്റെയും ടൂറിസം സംരഭകരുടെയും സംയുക്ത സംരഭമായ നോർത്ത് മലബാർ ടൂറിസം ഓർഗനൈസേഷന്റെ യും കണ്ണൂർ ഇന്റർനാഷനൽ എയർപോർട്ടിന്റെയും മെട്രോ മാർട്ടിന്റെയും സംയുക്താഭിമുഖ്യത്തിലാണ് മൂന്നാമത് നോർത്ത് മലബാർ ട്രാവൽ ബസാർ സംഘടിപ്പിക്കുന്നത്. ആയിരത്തിലധികം ട്രാവൽ ഓപ്പറേറ്റർമാർ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നും മേളയിൽ പങ്കെടുക്കുന്നതിനായി രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് സംഘാടകർ അറിയിച്ചു

വിനോദ സഞ്ചാര മേഖലിൽ പ്രവർത്തിക്കുന്ന നൂറ്റിഇരുപതോളം സ്ഥാപനങ്ങൾ അവരുടെ ഉൽപ്പന്നങ്ങളും സേവനങ്ങളും മേളയിൽ പരിചയപ്പെടുത്തും. കണ്ണൂർജില്ലയിലെ ആയുർവേദ സ്ഥാപനങ്ങളുടെ പ്രത്യേക പവലിയൻ മേളയിലുണ്ടാകും. രാജ്യത്ത് തന്നെ ആദ്യമായാണ് ഒരു എയർ പോർട്ട് ട്രാവൽ മാർട്ടിന്റെ വേദിയാകുന്നത്. കൂടാതെ നോർത്ത് മലബാറിന്റെ രുചി വൈവിധ്യവും. സാംസ്കാരിക തനിമ , നാടൻ കലാരൂപങ്ങൾ തുടങ്ങിയവയും ടൂർ ഓപ്പറേറ്റർമാരെ പരിചയപ്പെടുത്തും

✪✪✪

തിരുവനന്തപുരത്ത് രഞ്ജി ട്രോഫി ക്രിക്കറ്റിലെ രണ്ടാം ഇന്നിംഗ്സിൽ സൗരാഷ്ട്ര എട്ട് വിക്കറ്റിന് 402 റൺസിന് ഡിക്ലയർ ചെയ്തു. ഇതോടെ അവർക്ക് 329 റൺസ് ലീഡ് ലഭിച്ചു.

മറുപടി ബാറ്റിംഗ് ആരംഭിച്ച കേരളം ഉച്ചഭക്ഷണത്തിന് പിരിയുമ്പോൾ രണ്ട് വിക്കറ്റിന് 37 റൺസെടുത്തു.

✪✪✪

ജപ്പാനിൽ ഇന്നാരംഭിക്കുന്ന കുമാമോട്ടോ മാസ്റ്റേഴ്സ് ബാഡ്മിന്റൺ പുരുഷ സിംഗിൾസിൽ ലക്ഷ്യ സെന്നും HS പ്രണോയിയും മത്സരിക്കും. ആദ്യ റൗണ്ടിൽ ലക്ഷ്യ സെൻ ജപ്പാനെയും, പ്രണോയ് മലേഷ്യയെയും നേരിടും.

✪✪✪

കാലിക്കറ്റ് യൂണിവേഴ്സിറ്റി ഇന്റർസോൺ വോളിബോൾ മൽസരത്തിൽ ആതിഥേയരായ ദേവഗിരി സെന്റ് ജോസഫ്സ് കോളേജ്, ഇരിഞ്ഞാലക്കുട ക്രൈസ്റ്റ് കോളേജ്, SN ചേളന്നൂർ എന്നീ കോളേജുകൾ സെമിയിൽ പ്രവേശിച്ചു. സെമി മൽസരങ്ങൾ ഉച്ചകഴിഞ്ഞു അഞ്ചിന് ആരംഭിക്കും. നാളെയാണ് ഫൈനൽ.

✪✪✪

ദേശീയ മന്ത് രോഗ ദിനാചരണത്തിന്റെ കോഴിക്കോട് ജില്ലാതല പരിപാടി ചാലിയം കുടുംബാരോഗ്യ കേന്ദ്രത്തിൽ ഉദ്ഘാടനം ചെയ്തു. ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. രാജാറാം KK മുഖ്യപ്രഭാഷണം നടത്തി.

✪✪✪

ശബരിമല തീർത്ഥാടക തിരക്ക് പരിഗണിച്ച് ഈ മാസം 17 മുതൽ ജനുവരി 19 വരെ തിങ്കളാഴ്ചകളിൽ കാക്കിനഡ - കോട്ടയം റൂട്ടിൽ പ്രത്യേക സ്പെഷ്യൽ ട്രെയിൻ സർവീസ് നടത്തുമെന്ന് പാലക്കാട് റെയിൽവേ ഡിവിഷൻ അറിയിച്ചു. ചൊവ്വാഴ്ചകളിലായിരിക്കും കോട്ടയത്തുനിന്ന് കാക്കിനഡ സർവീസ്.

മച്ചിലിപട്ടണം - കൊല്ലം റൂട്ടിലും പ്രത്യേക ട്രെയിൻ സർവീസ് ഉണ്ടായിരിക്കും. ഈ മാസം 14 മുതൽ ജനുവരി രണ്ട് വരെ വെള്ളിയാഴ്ചകളിലാണ് പ്രത്യേക ട്രെയിൻ ഓടിക്കുന്നത്. മടക്കയാത്ര ഞായറാഴ്ചകളിലായിരിക്കും.

ചാർലപ്പള്ളി- കൊല്ലം റൂട്ടിലും പ്രതിവാര പ്രത്യേക സർവീസ് ചൊവ്വാഴ്ചകളിൽ ഉണ്ടായിരിക്കും. വ്യാഴാഴ്ചകളിൽ ട്രെയിൻ മടക്കയാത്ര ആരംഭിക്കും.

✪✪✪

ദക്ഷിണഭാരത ഹിന്ദി പ്രചാര സഭയുടെ LP തല ഹിന്ദി പ്രചാരണ പരിപാടിയുടെ ഭാഗമായി രാഷ്ട്ര ഭാഷാ വേദിയുടെ ആഭിമുഖ്യത്തിൽ ഹിന്ദി പരിചയപരീക്ഷയുടെ വടകര വിദ്യാഭ്യാസ ജില്ലാ തല ഉദ്ഘാടനം ദക്ഷിണഭാരത ഹിന്ദി പ്രചാര സഭ ഭരണ സമിതി അംഗം ഗോപി ചെറുവണ്ണൂർ നിർവഹിച്ചു. രാഷ്ട്ര ഭാഷാ വേദി ജനറൽ സെക്രട്ടറി RK ഇരവിൽ മുഖ്യപ്രഭാഷണം നടത്തി.

✪✪✪

തിരുവനന്തപുരം പാലോട് പടക്ക നിർമാണശാലയിൽ രാവിലെ തീ പിടിച്ച് മൂന്ന് ജീവനക്കാർക്ക് പരിക്കേറ്റു. ഇതിൽ ഒരാളുടെ നില ഗുരുതരമാണ്. പടക്കക്കടയിലെ ജീവനക്കാരി ഷീബയ്ക്കാണ് ഗുരുതര പരിക്ക്. മൂന്ന് പേരെയും തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

✪✪✪

തിരുവനന്തപുരം മ്യൂസിയം പരിസരത്ത് തെരുവ് നായ ആക്രമണത്തിൽ അഞ്ച് പേർക്ക് പരിക്കേറ്റു. ഇവരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. സംഭവത്തെ തുടർന്ന് മ്യൂസിയം പോലീസും മൃഗ സംരക്ഷണ ഉദ്യോഗസ്ഥരും സ്ഥലത്തെത്തി പരിശോധന നടത്തി.

✪✪✪

സ്വർണവില ഇന്ന് വർദ്ധിച്ചു. പവന് 1,800 രൂപ വർദ്ധിച്ച് 92,600 രൂപയായി.

✪✪✪

*News Editor : വി കെ സുരേഷ്*
*News Reader: നിമിഷ ജി*
*NRTs: അനിൽ ചന്ദ്രൻ*
*DEO: സി കെ സുബോധ്*